**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4985** **23.03.2018 ൽ മറുപടിയ്ക്ക്**

വനവികസനത്തിനും കയ്യേറ്റം ഒഴിവാക്കുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റോജി.എം.ജോൺ | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലവിലുള്ള വനങ്ങളുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) വനങ്ങളുടെ സംരക്ഷണവും വികസനവുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തെ വനം കൊള്ളയും, വന്യമൃഗവേട്ടയും, കൈയേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കൈയേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു. വനം വകുപ്പിന്റെ കൈവശമുള്ളതും മറ്റു വകുപ്പുകളിൽ നിന്നും ലഭിച്ചതുമായ കണ്ടൽക്കാടുകൾ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ മൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സംരക്ഷിക്കുന്നതിന് നൂതന രീതിയിലുള്ള ഒരു റിക്കോഡ് റൂം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | യാതൊരുവിധ കയ്യേറ്റവും അനുവദിക്കില്ലായെന്ന് പ്രഖ്യാപിക്കുമ്പോഴും വൻകിടക്കാരുടെ വനം കയ്യേറ്റങ്ങൾ കണ്ടില്ലായെന്ന് നടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പുതുതായി കയ്യേറ്റങ്ങൾ ഒന്നും തന്നെ അനുവദിക്കാത്തതിനാൽ അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കൊട്ടക്കമ്പൂരിൽ നടക്കുന്ന വനം കയ്യേറ്റങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (സി) | കൊട്ടക്കമ്പൂർ വില്ലേജിൽ വനഭൂമിയുടെ സർവ്വേ നടപടികൾ നടന്നുവരുന്നു. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറുടെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതാണ്. |
| (ഡി) | ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പശ്ചാത്തലത്തിൽ ഒരു തരത്തിലുമുള്ള വനം കയ്യേറ്റവും അനുവദിക്കുകയില്ലായെന്ന തീരുമാനം നടപ്പി-ലാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ? | (ഡി) | ഒരു തരത്തിലുള്ള വനം കയ്യേറ്റവും അനുവദിക്കുകയില്ലായെന്ന തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.2015 ലെ ഒ.പി. നം.18467/2002, 1947/2003 കേസുകളിലെ വിധിപ്രകാരം അനധികൃതമായി വനം കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ നോട്ടീസ് നല്കുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നല്കിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നല്കിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ